10. ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി XII-ന്റെ 2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 8, 11, 12, 13, 14, 15, 16, 17, 18, 19, 21 എന്നീ ഖണ്ഡികകളിലെ ശിപാർശയിന്മേലും 2013 - 14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ 1, 2, 3, 4, 5, 8, 18, 22, 23, 24, 25, 26, 28, 29, 30, 31, 32, 42, 43, 45, 46, 47 എന്നീ ഖണ്ഡികകളിലെ ശിപാർശയിന്മേലും സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് യഥാസമയം നൽകുന്നതിന് കാലതാമസം നേരിട്ടതിനുള്ള വിശദീകരണമടങ്ങുന്ന കാലതാമസപത്രികകൾ.

11. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച വിഷയ നിർണ്ണയ സമിതി X-ന്റെ 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ 1 മുതൽ 15 വരെയുള്ള ഖണ്ഡികകളിലെ ശിപാർശയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് യഥാസമയം നൽകുന്നതിന് കാലതാമസം നേരിട്ടതിനുള്ള വിശദീകരണമടങ്ങുന്ന കാലതാമസപത്രിക

(4) ചട്ടം 236(6) അനുസരിച്ചുള്ള ലിസ്റ്റ് IV പ്രകാരമുള്ളവ

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, താഴെപ്പറയുന്ന കടലാസ്സ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു :

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽവരുന്ന പ്രത്യേക പ്രതിനിധി, കേരള ഹൗസ്, ന്യൂഡൽഹിയുടെ 2013-14 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, താഴെപ്പറയുന്ന കടലാസ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന ലീഗൽ മെട്രോളജി വകുപ്പിന്റെ 2012-13 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട്.

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി): സർ, താഴെപ്പറയുന്ന കടലാസ്സ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു :

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 2012-13 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, താഴെപ്പറയുന്ന കടലാസ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു :

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽവരുന്ന വിവരസാങ്കേതികവിദ്യാ വകുപ്പിന്റെ 2011-12, 2012-13, 2013-14 എന്നീ സാമ്പത്തിക വർഷങ്ങളിലെയും വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന്റെ 2010-11 സാമ്പത്തിക വർഷത്തെയും സൈബർ പാർക്ക്, കോഴിക്കോടിന്റെ 2012-13 സാമ്പത്തിക വർഷത്തെയും ഇൻഫോപാർക്ക്, ടെക്നോപാർക്ക്, ടെക്നോളജി ബിസിനസ് ഇൻക്യുബേറ്റർ എന്നീ സ്ഥാപനങ്ങളുടെ 2013-14 സാമ്പത്തിക വർഷത്തെയും വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, താഴെപ്പറയുന്ന കടലാസ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു :

പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന ഭാഗ്യക്കുറി വകുപ്പിന്റെ 2012-13 സാമ്പത്തിക വർഷത്തെയും ഭവന നിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽവരുന്ന ഭവന നിർമ്മാണ വകുപ്പിന്റെ 2013-14 സാമ്പത്തിക വർഷത്തെയും വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ.

LIBRARY ARCHIVES Kerala Legislative Assembly

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, താഴെപ്പറയുന്ന കടലാസ്സ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു :

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന പൊതുഭരണ (ന്യൂനപക്ഷ ക്ഷേമ) വകുപ്പിന്റെ 2013-14 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, താഴെപ്പറയുന്ന കടലാസ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു :

സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന അച്ചടിയും സ്റ്റേഷനറിയും വകുപ്പുകളുടെ 2013-14 സാമ്പത്തിക വർഷത്തെയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനകളുടെ കീഴിൽ വരുന്ന കൃഷി, കൃഷി (മണ്ണ് പര്യവേക്ഷണ-സംരക്ഷണം) എന്നീ വകുപ്പുകളുടെ 2012-13 സാമ്പത്തിക വർഷത്തെയും കാർഷിക സർവ്വകലാശാലയുടെ 2013-14 സാമ്പത്തിക വർഷത്തെയും വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ.

അനുബന്ധം-III

റിപ്പോർട്ട് സമർപ്പണം

പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ അറുപത്തി എട്ട് മുതൽ എൺപത്തി ഒന്ന് വരെയുള്ള റിപ്പോർട്ടുകൾ

(1) ശ്രീ. കെ. എൻ. എ. ഖാദർ : സർ, പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ അറുപത്തിഎട്ട് മുതൽ എൺപത്തി ഒന്ന് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട്

(2) ശ്രീ. സി. പി. മുഹമ്മദ്: സർ, പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly